# ആമുഖം

ഭാഗ്യസ്മരണാർഹനായ കൊച്ചി ബിഷപ്പ് റൈറ്റ്.റവ.ഡോ.ജോസഫ് കുരീത്തറയുടെ അനുഗ്രഹാശിസ്സുകളോടെ, ശ്രവണവൈകല്യമുള്ള കുട്ടികളുടെ സമഗ്രവളർച്ചയെ ലക്ഷ്യമിട്ടുകൊണ്ട് 1995 ൽ ആരംഭിച്ച ഈ സ്ഥാപനം മട്ടാഞ്ചേരി ഉപജില്ലയിൽപ്പെട്ട മുണ്ടംവേലിയിലാണ് നിലകൊള്ളുന്നത്. ഫാദർ അഗൊസ്തീനോ വിച്ചീനി സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ ആണ് പ്രവർത്തിക്കുന്നത്.'**നസ്രത്തിന്റെ പുത്രിമാർ**' എന്ന സന്യാസസഭയാണ് ഈ സ്ഥാപനം നടത്തുന്നത്. പ്രീ-പ്രൈമറി സ്കൂൾ മുതൽ 10-ാം ക്ലാസ്സുവരെ ഈ സ്ഥാപനത്തിൽ ഉണ്ട്. 2008 ലാണ് ഈ സ്ഥാപനത്തിന് സർക്കാരിന്റെ സ്ഥിര അംഗീകാരം ലഭിച്ചത്. പ്രധാന അധ്യാപിക സിസ്റ്റർ മരിയ ദീപയുടെ നേതൃത്വത്തിൽ പഠനത്തോടൊപ്പം കലാ-കായിക രംഗങ്ങളിലും ദേശീയ സംസ്ഥാന തലങ്ങളിലും മികവു പുലർത്തുന്ന സവിശേഷ വിദ്യാലയമാണിത്. പരിമിതികൾ ഉണ്ടെങ്കിലും കുട്ടികളുടെ സമഗ്ര വികസനമാണ് ഈ സ്കൂളിലെ അധ്യാപകരും മാതാപിതാക്കളും ലക്ഷ്യം വയ്ക്കുന്നത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

L.P. തലം

[2025-26]

FR: AGOSTINO VICINI'S SPECIAL SCHOOL.

Scanned with OKEN Scanner

# ആമുഖം:

L.P. തലകുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. പ്രത്യേകമായി ശ്രദ്ധിക്കേണ്ട ആവശ്യമായ കുട്ടികളുടെ വിദ്യാഭ്യാസം എന്ന നിലയ്ക്ക് കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾ അതിജീവിക്കുവാൻ പ്രാപ്തരാക്കത്തക്ക വിധമാണ് നാം അക്കാദമിക മാസ്റ്റർ പ്ലാനിന് രൂപം നൽകിയിരിക്കുന്നത്. ഭാഷ, ഗണിതം, പരിസരപഠനം ഇങ്ങനെ അക്കാദമികതലത്തിൽ വികാസം പ്രാപിക്കത്തക്കവിധം പ്രവർത്തനങ്ങൾക്ക് രൂപം നൽകുവാൻ പ്രത്യേക ശ്രദ്ധ നൽകിയിരിക്കുന്നു. ഈ ലക്ഷ്യങ്ങളിലൂടെ. കുട്ടി സ്വയം മുന്നേറാനുള്ള പ്രവർത്തനങ്ങൾ ഓരോ മാസവും നൽകുന്നു. ജൂൺ മുതൽ മാർച്ച് വരെ നീണ്ടു നിൽക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഉൾക്കൊണ്ടാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

# മലയാളം

## ലക്ഷ്യങ്ങൾ:-

* അക്ഷരങ്ങളും പദങ്ങളും തിരിച്ചറിയുക.
* കൂടുതൽ പദസമ്പത്ത് കൈവരിക്കുക.
* ലളിതമായ വായനാകാർഡുകൾ വായിക്കുക.
* ലളിതമായ വാക്യങ്ങളുടെ ആശയം മനസ്സിലാക്കുക.
* അധ്യാപകരുടെയും രക്ഷിതാക്കളുടേയും സഹായത്തോടെ ലഘുവായ ആശയങ്ങൾ അവതരിപ്പിക്കുക.
* ലളിതമായ വ്യവഹാരരൂപങ്ങൾ വായിക്കുക, അവയുടെ ആശയം മനസ്സിലാക്കുക.

Scanned with OKEN Scanner

| പഠനനേട്ടം | പ്രവർത്തനങ്ങൾ | മാസം |
|---|---|---|
| അക്ഷരങ്ങൾ തിരിച്ചറിഞ്ഞ് വായിക്കുക | അധ്യാപിക പറയുന്ന അക്ഷരങ്ങൾ (സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ) എന്നിവ ഉൾപ്പെടുന്ന കഥകൾ കവിതകൾ എന്നിവ അവതരിപ്പിക്കുന്നു. അതിലൂടെ അക്ഷരങ്ങളിലേക്ക് കുട്ടികളെ എത്തിക്കുന്നു. അക്ഷരങ്ങൾ കഥകളിലൂടെയും മറ്റും കുട്ടികളെ പരിചയപ്പെടുത്തുന്നു.<br>• അധ്യാപിക പറയുന്ന അക്ഷരങ്ങൾ കുട്ടികൾ എഴുതി തരുന്നു.<br>• അക്ഷരങ്ങളുടെ സ്ഥാനം കുട്ടികൾക്ക് അധ്യാപിക demonstrate ചെയ്യുന്നു. കുട്ടികളുടെ ശ്രമങ്ങൾ തിരുത്തുന്നു.<br>• കൂടുതൽ കഥകൾ, കവിതകൾ, എന്നിവ മറിച്ചുനോക്കുവാനും അവർ പരിചയപ്പെട്ട അക്ഷരങ്ങൾ തിരിച്ചറിയാനായി വായനാമൂല ക്ലാസ്സുകളിൽ സ്ഥാപിക്കുന്നു. | ജൂൺ. |

Scanned with OKEN Scanner

| | | |
|---|---|---|
| അക്ഷരങ്ങളും ചിഹ്നങ്ങളും കൂട്ടിച്ചേർത്ത് പദങ്ങൾ വായിക്കുന്നു.<br><br>* ചിത്രങ്ങളിൽ നിന്നും ആശയങ്ങൾ നോക്കി പറയുന്നു. | * അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.<br>* പുസ്തകങ്ങൾ തൊട്ടറിയുവാനും നിരന്തരം എടുത്തു നോക്കുവാനും അവസരം നൽകുന്നു<br>* ചിത്രവായനയ്ക്കുള്ള അവസരങ്ങൾ നൽകുന്നു. കുട്ടികൾ മനസ്സിലാക്കിയ ആശയങ്ങൾ ആംഗ്യങ്ങളോ വാക്കുകളോ ഉപയോഗിച്ച് പറയുവാനും അവസരം നൽകുന്നു.<br>* കുട്ടികൾക്ക് പരിചിതമായ അക്ഷരങ്ങൾ ചേർന്ന് വരുന്ന പദങ്ങൾ വായിക്കുവാൻ അവസരം നൽകുന്നു.<br>ചിത്രകാർഡുകൾ, പദകാർഡുകൾ എന്നിവ ഉപയോഗിക്കുന്നു<br>* ചിഹ്നങ്ങൾ കളിപ്പാട്ടം പോലെ ഉപയോഗിച്ച് ഓരോ അക്ഷരത്തിലേക്കും ചേർന്ന് വരുമ്പോൾ വരുന്ന വാക്കുകൾ വായിക്കുന്നു | ഇതുപോലെ |

| | | |
|---|---|---|
| ചെറിയ വാക്യങ്ങൾ പരിചയപ്പെടുന്നു | * രണ്ട് പദങ്ങൾ ചേർന്ന് വരുന്ന വാക്യങ്ങൾ അധികം കേൾക്കുവാനായി ; കഥകൾ ICT- സഹായത്തോടെ അവതരിപ്പിച്ച് ചെറിയ പദങ്ങളായി അവതരിപ്പിക്കുന്നു<br>* ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി ചിത്ര വായനാ കാർഡുകൾ, ചിത്ര കഥാപുസ്തകങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. | ആഗസ്റ്റ്. |
| വാക്യഘടന മനസ്സിലാക്കുന്നു. | കുട്ടികൾക്ക് പദകാർഡുകൾ നൽകി അവയിൽ നിന്നും വാക്യങ്ങൾ രൂപീകരിക്കുവാൻ അവസരം നൽകുന്നു.<br>* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്തമായ കഥ മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നു. രക്ഷിതാവ് സഹായിക്കും. | സെപ്തംബർ |

Scanned with OKEN Scanner

| | | |
|---|---|---|
| ചെറിയ വാക്യങ്ങൾ വാക്യപൂരണ ശേഷികൾ ഉറപ്പുവരുത്തുക. | * ആശയങ്ങൾ വരികൾക്കിടയിൽ കൂടുതൽ വാക്യപൂരണം മനസ്സിലാക്കുന്നതിനായി ചിത്രവായനയ്ക്ക് അവസരം നൽകുന്നു.<br>* ബാലരമ, കളിക്കുടുക്ക തുടങ്ങിയ ചിത്ര ബാലസാഹിത്യ കൃതികൾ കുട്ടികൾക്ക് വായിക്കുവാൻ അവസരം നൽകുന്നു.<br>* ചിത്രങ്ങൾ നോക്കി വാക്യപൂരണം പാലിച്ച് കൂടുതൽ വാക്യങ്ങൾ നിർമ്മിക്കുവാൻ വ്യവസ്ഥ നൽകുന്നു. | ഒക്ടോബർ |
| ആശയങ്ങൾ മനസ്സിലാക്കി ഉചിതമായ വാക്യങ്ങൾ നിർമ്മിക്കുന്നു. | * വ്യത്യസ്ത ആശയങ്ങൾ മനസ്സിലാക്കുന്ന ചിത്രങ്ങൾക്ക് യോജിച്ച വാക്യങ്ങൾ തെരഞ്ഞെടുക്കുന്നു. അവ വായിക്കുന്നു. | നവംബർ |

Scanned with OKEN Scanner

| | | |
|---|---|---|
| ലളിതമായ ചിത്രകഥകൾ വായിക്കുന്നു. | * വായനോത്സവം സംഘടിപ്പിക്കുന്നു.<br>* പുസ്തകവായന സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>* ചിത്രവായന പ്രോത്സാഹിപ്പിക്കുന്നു.<br>* സംയുക്ത വായന തുടരുന്നു.<br>* ഒന്നോ, രണ്ടോ പേരടങ്ങുന്ന ഗ്രൂപ്പുകൾ രൂപീകരിച്ച് ചെറുകഥകൾ വായിച്ച് ആശയം പറയുവാൻ അവസരം നൽകുന്നു.<br>* കുട്ടികൾ തയ്യാറാക്കിയ നാടകങ്ങൾ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ഫെബ്രുവരി. |
| ലളിതമായ പദങ്ങൾ ചേർത്ത് വാക്യങ്ങൾ എഴുതുന്നു. | * കണ്ടതും കേട്ടതുമായ കാര്യങ്ങൾ, ആശയം ചോരാതെ ചെറിയ വാക്യങ്ങളിലെഴുതാൻ അവസരം നൽകുന്നു.<br>* കൂട്ടെഴുത്തിനവസരം നൽകുന്നു. | ജനുവരി.<br>ഫെ |

| | | |
|---|---|---|
| മറ്റുള്ളവരുടെ കഥകൾ വായിച്ച് മനസ്സിലാക്കി, കഥ ആശയം എഴുതുന്നു. | * തലക്കെട്ട് എഴുതുക.<br>* പോവർത്ത എഴുതുക.<br>* കുട്ടികളുടെ എഴുത്തുകളും ചിത്രങ്ങളും ചേർത്ത് കയ്യെഴുപ്പു ത്തുകൾ നിർമ്മിക്കുക.<br>ശിക്ഷുവ സമൂഹത്തിന്റെ മുൻപിൽ പ്രദർശിപ്പിക്കുക. | നൈപുണ്യവഴി. |
| വിലയിരുത്തൽ. | * സചിത്ര പാഠ പ്രവർത്തനങ്ങൾ ക്ലാസ്മുറിയിൽ നടപ്പാക്കുന്നു. വികസിപ്പിച്ച കഥകൾ ചിത്രരൂപത്തിൽ അവതരിപ്പിക്കുന്നു. ചിത്രങ്ങളിൽ നിന്ന് കഥ വികസിപ്പിക്കുക.<br>കുട്ടികൾ സ്വതന്ത്ര രചനയിലേക്ക് നയിക്കുക. | ഇച്ഛ്. |

പരിസര
പഠനം

Scanned with OKEN Scanner

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | പ്രകൃതി നടത്തം | • ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കുന്നു.<br>• പ്രത്യേകതകൾ മനസ്സിലാക്കുന്നു.<br>• ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നങ്ങൾ അന്വേഷിച്ചറിയുന്നു.<br>• സ്വയം തിരുത്തൽ | ജൂൺ - ഒക്ടോബർ |
| | പൂന്തോട്ടം ഒരുക്കൽ | • സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം ഒരുക്കാം | ജൂൺ - മാർച്ച്. |
| | ഒരു തൈ നടാം | • പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നടൽ<br>• നട്ട വൃക്ഷത്തെ പരിപാലിക്കൽ | ജൂൺ - മാർച്ച് |
| | പോസ്റ്റർ തയ്യാറാക്കൽ | • പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ | ജൂൺ |
| വ്യക്തി ശുചിത്വവും പരിസര ശുചിത്വവും | ദിനകൃത്യങ്ങൾ | ഓരോ ദിവസവും പ്രഭാത കൃത്യങ്ങൾ കഴിഞ്ഞേ വരാവൂ എന്ന ബോധ്യം കുട്ടികളിൽ ഉറപ്പ് വരുത്തുന്നു. | ജൂൺ - മാർച്ച് |
| | നല്ല ശീലം | പരിസ്ഥിതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ | ജൂലൈ - മാർച്ച് |

Scanned with OKEN Scanner

| | | | |
|---|---|---|---|
| ...ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താൽപര്യവും വളർത്തുക. | പരീക്ഷണങ്ങൾ | ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഡിസംബർ-ഫെബ്രുവരി |
| | നിർമ്മാണം | ശാസ്ത്ര വസ്തുക്കളുടെ നിർമ്മാണം | ജൂലൈ-മാർച്ച് |
| | പക്ഷി നിരീക്ഷണം | പക്ഷി നിരീക്ഷണത്തിന് അവസരം നൽകുന്നു. | ജനുവരി-മാർച്ച് |

Scanned with OKEN Scanner

# ഗണിതം

Scanned with OKEN Scanner

| പഠനേട്ടം | പ്രവർത്തനങ്ങൾ | മാസം |
|---|---|---|
| *സംഖ്യാബോധം | *സംഖ്യകൾ എഴുതിയ കാർഡുകൾ നൽകി കുട്ടിയെ സംഖ്യ ഉറക്കെ പറയിപ്പിക്കുന്നു.<br>*ഉത്പന്ന വസ്തുക്കളുടെ കൂട്ടങ്ങൾ നൽകി അവ എണ്ണി പറയിപ്പിക്കുന്നു. എഴുതിക്കുന്നു. | ജൂൺ |
| *ഒരക്കസംഖ്യ മുതൽ മൂന്നക്കം വരെയുള്ളവയെ തിരിച്ചറിയുന്നു വായിക്കുന്നു എഴുതുന്നു. | *സംഖ്യകൾ എഴുതിയ നാടിക്ക് കുട്ടികൾക്ക് നൽകുന്നു. കുട്ടി സംഖ്യ ഉറക്കെ വായിക്കുവാൻ അവസരം നൽകുന്നു.<br>*അധ്യാപിക പറയുന്ന സംഖ്യ എഴുതുവാൻ ആവശ്യപ്പെടുന്നു. | ജൂലൈ |

Scanned with OKEN Scanner

| | | |
|---|---|---|
| *സംഖ്യാപാറ്റേണുകൾ പൂർത്തിയാക്കൽ | * ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ അഞ്ചിന്റെ കൂട്ടങ്ങൾ പത്തിന്റെ കൂട്ടങ്ങൾ, 4 ന്റെ കൂട്ടങ്ങൾ എന്നിവ അടങ്ങുന്നവയുള്ള സംഖ്യാ പാറ്റേണുകൾ പൂരിപ്പിക്കാൻ പര്യാപ്തമായ അനവധി പ്രവർത്തനങ്ങൾ നൽകുന്നു | ആഗസ്റ്റ് 4 |
| *നാലക്കസംഖ്യകൾ വരെയുള്ള സങ്കലനം | *വിവിധ വസ്തുക്കളുടെ കൂട്ടങ്ങൾ എണ്ണിയശേഷം അവ കൂട്ടി ഉത്തരം കണ്ടെത്താൻ പരിശീലിപ്പിക്കുന്നു.<br>* സങ്കലന ക്രിയാകാർഡുകൾ നൽകി അവ കൂട്ടി എഴുതാനുള്ള പരിശീലനം നൽകുന്നു. | സെപ്റ്റംബർ |

Scanned with OKEN Scanner

| | | |
|---|---|---|
| നാലക്കസംഖ്യകൾ വരെയുള്ള വ്യവകലനം | *വിവിധ വസ്തുക്കൾ ഉപയോഗിച്ച് വ്യവകലന ക്രിയകൾ ചെയ്യിക്കുന്നു.<br>* തുടർന്ന് സംഖ്യാകാർഡുകൾ നൽകി അവ ക്രിയ ചെയ്യാനുള്ള പരിശീലനം നൽകുന്നു. | ഒക്ടോബർ |
| സംഖ്യകളിൽ വലുത്, ചെറുത് എന്നിവ കണ്ടെത്തുന്നതിന് | * വിവിധ വസ്തുക്കളുടെ കൂട്ടങ്ങൾ എണ്ണിനോക്കി ഏതിലാണ് കൂടുതൽ കിട്ടിയത് ഏതിൽ കുറവ് കിട്ടി എന്നിങ്ങനെ കണ്ടെത്തി പറയിപ്പിക്കുന്നു.<br>* തുടർന്ന് സ്ഥാനവിലകൾ നോക്കി വലുതും ചെറുതുമായ സംഖ്യകൾ കണ്ടെത്തുന്നതിനുള്ള പരിശീലനം നൽകുന്നു. | നവംബർ |

Scanned with OKEN Scanner

| | | |
|---|---|---|
| സംഖ്യകളെ അബാകസിൽ ക്രമീകരിക്കുന്നതിന് | * സംഖ്യാകാർഡുകൾ നൽകി കിട്ടിയവയെ അബാകസിൽ ക്രമീകരിച്ച് കാണിക്കാനും, തുടർന്ന് അബാകസിൽ ക്രമീകരിച്ചിരിക്കുന്ന സംഖ്യകളെ ഉയർത്തികാണിക്കാനുമുള്ള പരിശീലനം നൽകുന്നു.<br>* സംഖ്യകളെ സ്ഥാനവിലനോക്കി കൃത്യമായി വായിക്കാനുമുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ഡിസംബർ<br>ജനുവരി |
| സംഖ്യകളുടെ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നതിന് | * സംഖ്യകളെ ആരോഹണ അവരോഹണക്രമത്തിൽ എഴുതുവാനുള്ള വിവിധ പ്രവർത്തനങ്ങൾ നൽകുന്നു.<br>* സ്ഥാനവിലനോക്കി സംഖ്യകളെ ക്രമീകരിക്കുവാനാവശ്യപ്പെടുന്നു. | |

Scanned with OKEN Scanner

| | | |
|---|---|---|
| പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | * കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, കുട etc.. എന്നിവയ്ക്ക് വില നൽകി കട കളിക്കുന്നു.<br>* കുട്ടികളോട് ഉപയോഗിച്ച വസ്തുക്കൾ ചോദിക്കുന്നു.<br>* അളവ് പാഠങ്ങൾ കളിക്കുന്നു. ആവശ്യമുള്ള ഉത്തരം കണ്ടെത്തുന്നു.<br>* സമയബന്ധിതമായി സംസാരിച്ച് പ്രശ്നപരിഹാരം നടത്തുന്നു. | ജനുവരി |
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു. | * വിവിധ ക്രിയകൾ അടങ്ങിയ ചാർട്ട് കുട്ടികൾക്ക് നൽകുന്നു. ക്രിയകൾ കുട്ടികളെ കൊണ്ട് ചെയ്യിക്കുന്നു. | മാർച്ച് |

Scanned with OKEN Scanner

English

| Learning outcomes | Activities | Month |
|---|---|---|
| Identify the pictures and words | Teacher shows the pictures and says a word, then asks the pupil to show the correct word card.<br>- Now teacher says the word without picture and asks them to take the word card.<br>- Instruct them to match the word with their pictures. | June<br>July |
| Match the verbs with the action picture | - Teacher shows the picture of some actions, then asks them to select the correct word from the bracket.<br>- Then asks them to match the word with the apt actions.<br>- Now teacher says the action word without picture and asks them to do that action. | August<br>September |

Scanned with OKEN Scanner

| | | |
|---|---|---|
| To learn and understand simple prepositions like in/on | - Teacher create some situations with some objects to make them to know in/on by seeing the objects where they are<br>eg: The pumpkin is in the box<br>- Now by showing the picture teacher asks them to write in/on through various activities to ensure the use of these prepositions | October<br>November |
| To answer to the simple riddles | - Teacher gives them simple riddles about vegetables and fruits and helps them to understand the sentences and answer to it.<br>- Now teacher makes them to read simple riddles and asks them to write their answer. | December<br>January |

Scanned with OKEN Scanner

| | | |
|---|---|---|
| Picture description | Teacher shows a beautiful picture and asks them to say what all things they see. Then write it on B.B, Then make simple sentences with that words.<br>- Then shows different pictures and helps them to write the words and sentences from them. | February |
| To engage in simple conversations | - Teacher makes some situations and instruct them to respond to it in simple sentences.<br>-Teacher create situations, to enact them as the characters of the story and speak in simple sentences each other. Then write it on the B.B. | March |

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# UP തലം

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ English (UP)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക വിശകലന |
|---|---|---|---|---|
| 1. വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവുനേടാൻ | എല്ലാ ദിവസവും ½ മണിക്കൂർ വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ. | ജൂൺ- മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ പാഠഭാഗങ്ങൾ adapt ചെയ്ത് മാറ്റി എഴുതി സദസ്സിനു മുന്നാകെ അവതരിപ്പിക്കുന്നു. eg: Role play, Conversation | ജൂൺ, ജൂലൈ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിലും ചുറ്റുപാടും എല്ലാ സാധനങ്ങളിലും പേരെഴുതി ഒട്ടിക്കൽ. അവയുടെ പേരുകൾ കുട്ടികളുടെ ബുക്കിലും എഴുതി തയ്യാറാക്കൽ | ആഗസ്റ്റ് | ഇംഗ്ലീഷ് ടീച്ചർ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാധ്യതാ വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് ശേഷിനേടാൻ | നിത്യ ഉപയോഗ വാചകങ്ങൾ ചാർട്ടിൽ പ്രദർശിപ്പിച്ച് പരിചിതമാക്കി ആശയവിനിമയം ചെയ്യാൻ പരിശീലിപ്പിക്കൽ | സെപ്റ്റംബർ, ഒക്ടോബർ | ഇംഗ്ലീഷ് ടീച്ചർ | |
| ഭാഷയിൽ പ്രാവീണ്യം നേടുന്നതിന്, മികച്ച ഭാഷാ ശൈലി കൈവരിക്കുന്നതിന് | English Grammar, Spoken English എന്നിവയിൽ പ്രാവീണ്യം നേടുന്നതിന് പ്രത്യേകം ക്ലാസ്സുകൾ | നവംബർ, ഡിസംബർ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷിൽ സ്വതന്ത്രവായന നടത്തുന്നതിന് കുട്ടികളെ സജ്ജരാക്കുക. | വിദ്യാലയ വിവരങ്ങൾ ഇംഗ്ലീഷിൽ അറിയിക്കുന്നതിനായി പൊതുവായി notice board തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. ഇംഗ്ലീഷ് ടീച്ചർ | |

Scanned with OKEN Scanner

# മേവല യു.പി. - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അക്ഷര ബോധം | സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, സ്വര ചിഹ്നങ്ങൾ, ചില്ലക്ഷരങ്ങൾ എന്നിവ ഓർക്കുവാനും എഴുതാനും അവസരം നൽകൽ | ജൂൺ | ക്ലാസ് ടീച്ചർ | |
| 2. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ, ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | പ്രതിമാസം (വർഷം മുഴുവൻ) | മലയാളം അധ്യാപകർ | |
| 3. പഠിതാവിൽ വായന ഉറപ്പുവരുത്തുക | പാഠം, മാസികകൾ എന്നിവ വായിച്ച് ഉച്ചാരണശുദ്ധി വളർത്തുന്നു. | ജൂലൈ | മലയാളം അധ്യാപകർ, രക്ഷിതാക്കൾ | മലയാളം ക്ലബ്ബ് |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മ ദിനങ്ങൾ ആചരിക്കൽ - ലഘുപ്രഭാഷണം അവതരിപ്പിക്കൽ. | ആവശ്യാനുസരണം | മലയാളം അധ്യാപകർ, രക്ഷിതാക്കൾ | മലയാളം ക്ലബ് |
| 5. ഭാഷയുടെ അടിസ്ഥാനശേഷി വികസിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ഉപന്യാസം അവതരിപ്പിക്കുവാനുള്ള അവസരം നൽകൽ. | വർഷം മുഴുവനും | മലയാളം അധ്യാപകർ. | |
| 6. ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുവാൻ അവസരം നൽകൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ വികസന പ്രവർത്തനങ്ങൾ. | പ്രതിമാസം | മലയാളം അധ്യാപകർ | |
| 7. എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തന | | | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | കളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം | മലയാളം അധ്യാപകർ, രക്ഷിതാക്കൾ | |
| 8. പതിപ്പ്, കഥാപാത്ര നിരൂപണം, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | കഥ, കവിത വായിച്ച് മനസ്സിലാക്കൽ, പതിപ്പ് തയ്യാറാക്കൽ | ജൂലൈ-മാർച്ച് | മലയാളം അധ്യാപകർ, കുട്ടികൾ. | |
| | | | | |

Scanned with OKEN Scanner

മേഖല : സയൻസ് UP തലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രജ്ഞാനം നിർമ്മിക്കുക | ജൈവ വൈവിധ്യ പാർക്ക്<br>ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, വൃക്ഷങ്ങൾകൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുന്നു. | അക്കാദമിക വർഷം<br>ജൂൺ മുതൽ ജൂലൈ | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്<br>ഹരിത ക്ലബ് | P.T.A |
| | ഫീൽഡ് ട്രിപ്പ്<br>വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങൾ, കാവുകൾ, പുഴകൾ, കണ്ടൽക്കാടുകൾ ഇവ കണ്ടെത്താനൊരു യാത്ര. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ് | P.T.A |
| | പരീക്ഷണക്കളരി<br>നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് [illegible] | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയശേഷി വികസിപ്പിക്കുക. | എക്സ്പോ - എക്സ്പ്ലോർ<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ ചരിത്രങ്ങൾ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | P. T. A |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ യാത്ര<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ എന്നിവ പാഠഭാഗവുമായി ബന്ധപ്പെടുത്തി വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | P. T. A<br>Science clu |

Scanned with OKEN Scanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ ചരിത്രവസ്തുതകൾ ഗ്രഹിക്കുന്നതിന്. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | 3 മാസത്തിൽ ഒരിക്കൽ | SRG അധ്യാപിക. |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിന് | പ്രകടന പത്രിക, പ്രചാരണം, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിച്ച് അതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കുന്നു. | ഓണക്കാല സമ്മേളനം, ക്രിസ്മസ് സമ്മേളനം, വേനൽക്കാല സമ്മേളനം | സ്കൂൾ പാർലമെന്റ് കുട്ടികൾ; അധ്യാപിക |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ICT സഹായത്തോടെ പ്രകൃതി ദുരന്തം നടന്ന സ്ഥലം, അവിടെ നടന്ന രക്ഷാപ്രവർത്തനങ്ങൾ എന്നിവയുടെ video പ്രദർശനം. കുട്ടികളിൽ ദുരന്തം അനുഭവിക്കുന്നവരോട് ഉള്ള സഹാനുഭൂതി വളർത്തുന്നതിനായി വിഷമാവസ്ഥയിലായിരിക്കുന്നവർക്ക് ആവശ്യമായ സാധനങ്ങൾ വിദ്യാലയത്തിൽ ശേഖരിച്ച് വിതരണം ചെയ്യുന്നു. | ഓഗസ്റ്റ്, സെപ്റ്റംബർ | അധ്യാപിക കുട്ടികൾ |

Scanned with OKEN Scanner

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
| --- | --- | --- | --- |
| സാമൂഹ്യശാസ്ത്ര അറിവുകളെ കാലാനുഗതമായി പുതുക്കൽ. | വിദ്യാർത്ഥികൾക്ക് വായിക്കുവാൻ സൗകര്യപ്രദമായ ഒരു സ്ഥലത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് എല്ലാ ദിവസത്തെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുന്നു. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യശാസ്ത്ര ക്ലബ് |
| ലോക രാജ്യങ്ങളെ പരിചയപ്പെടൽ | ലോക ഭൂപടത്തിന്റെ വലിയ ചിത്രം ഭിത്തിയിൽ വലുതായി ചിത്രീകരിക്കുകയും ദിവസവും ദിനപത്രങ്ങൾ വായിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ട വാർത്തകൾ അതാത് രാജ്യത്തിൽ ഒട്ടിച്ച് വായിക്കുന്നു. | പ്രതിദിനം | അധ്യാപിക കുട്ടികൾ |
| ചരിത്രബോധം വളർത്തൽ | ചാർട്ട് പേപ്പറിൽ 12 മാസങ്ങൾ മുഴുവൻ തിയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുന്നു. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസത്തെയും പത്രവാർത്തകൾ അതാത് തിയതിക്ക് നേരെ ഒട്ടിക്കുന്നു. | പ്രതിദിനം | കുട്ടികൾ SRG അധ്യാപിക. സാമൂഹിക, ശാസ്ത്ര ക്ലബ് |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗങ്ങളെ കുറിച്ചും കോവിന്റെ പ്രവർത്തനങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | ICT അധ്യാപിക വിവര വിനിമയ സാങ്കേതിക വിദ്യയുടെ സഹായത്താൽ കുട്ടികൾക്കും മാതാപിതാക്കൾക്കുമായി ഇവയുടെ ഉപയോഗത്തെ കുറിച്ച് class അവതരിപ്പിക്കുന്നു. | ജനുവരി മാസത്തിൽ. | Science ക്ലബ്ബ്, ശാസ്ത്ര അധ്യാപകർ |

Scanned with OKEN Scanner

# UP MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | ഗണിത ശിൽപശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു [നമ്പർ കാർഡ്, മഞ്ചാടിക്കുരു മുത്തുകൾ, ഫ്ലാഷ് കാർഡ് ... ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത ടീച്ചർ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ടീച്ചർ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | ഗണിതപാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് park സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ് P.T.A |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | ഗണിതഗ്രാമം<br>ഗണിതത്തിൽ താല്പര്യമുള്ള അധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിതത്തിൽ താല്പര്യം തോന്നുന്ന വിധത്തിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ 5-ാം, 6-ാം തവണ. | ഗണിത അധ്യാപകർ club leaders. | P.T.A. |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കോണുകൾ പോലുള്ള പ്രവർത്തനങ്ങൾ I.T സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ ഉള്ള ശ്രമത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകൻ<br>സമർത്ഥരായ കുട്ടികൾ | |

Scanned with OKEN Scanner

# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

## H.S തലം

2025–2026

ഫാ. അഗസ്റ്റിനോ വിസിനീസ് സ്പെഷ്യൽ സ്കൂൾ

Scanned with OKEN Scanner

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| വാക്കുകളും വാക്യങ്ങളും തെറ്റ് കൂടാതെ വായിക്കാനും എഴുതാനുമുള്ള കഴിവ് നേടുക. | • പുതിയ വാക്കുകളും അവയുടെ അർത്ഥവും വായിക്കുക.<br>• വായിച്ചത് മറ്റ് കുട്ടികൾ കാൺകെ പറയുക.<br>• വാക്യങ്ങൾ എഴുതി അധ്യാപിക കാണിക്കുന്നു. കുട്ടികൾ അത് ഉച്ചത്തിൽ വായിക്കുന്നു.<br>• വായിച്ച വാക്യം തെറ്റ് കൂടാതെ ബുക്കിൽ എഴുതുന്നു. | ജൂൺ | ക്ലാസ്സ് ടീച്ചറും മലയാളം അധ്യാപിക. |
| പുതിയ വാക്യങ്ങൾ പഠിക്കുന്നതിനും എഴുതുന്നതിനും ഉള്ള കഴിവ് നേടുക. | • വാക്യങ്ങൾ ശരിയായ രീതിയിൽ ഗ്രാമർ ഉൾപ്പെടുത്തി മനസ്സിലാക്കാനായി കൂടുതൽ വാക്യങ്ങൾ കുട്ടികൾക്ക് നൽകുന്നു. അത് ബുക്കിൽ രേഖപ്പെടുത്തുന്നു.<br>• ബുക്കിൽ രേഖപ്പെടുത്തിയ വാക്യങ്ങളിൽ നിന്ന് കൂടുതൽ ബുദ്ധിമുട്ടുള്ള വാക്യം ക്ലാസ്സിൽ കുട്ടികളെ കൊണ്ട് ആവർത്തിച്ച് പറയിപ്പിക്കുന്നു.<br>• രണ്ടാഴ്ച കൂടുമ്പോൾ കുട്ടികൾക്ക് പരീക്ഷ നടത്തുന്നു. അധ്യാപിക പറയുന്ന വാക്യം കുട്ടികൾ കൃത്യമായി രേഖപ്പെടുത്തണം. | ജൂൺ - ഫെബ്രുവരി | ക്ലാസ്സ് അധ്യാപകർ |

Scanned with OKEN Scanner

| | | | |
|---|---|---|---|
| ആശയ രൂപീകരണത്തിനുള്ള കഴിവ് നേടുക. | • കഥ രേഖപ്പെടുത്തിയ ചാർട്ട് അല്ലെങ്കിൽ കമ്പ്യൂട്ടറിന്റെ സഹായത്താൽ ഒരു കഥ കുട്ടികൾക്ക് നൽകുന്നു. അത് വായിച്ച ശേഷം മനസ്സിലായ കാര്യം പറയാൻ ആവശ്യപ്പെടുന്നു.<br>• പറഞ്ഞ കാര്യങ്ങൾ ഒരു ഖണ്ഡികയായി എഴുതി നോക്കാൻ ആവശ്യപ്പെടുന്നു.<br>• പാഠഭാഗത്തിന്റെ, ആശയം അധ്യാപിക പറയുന്നു. കുട്ടികൾക്ക് മനസ്സിലായ രീതിയിൽ ഖണ്ഡികയായി എഴുതാൻ ആവശ്യപ്പെടുന്നു. | ജൂലൈ - ഫെബ്രുവരി | മലയാളം അധ്യാപിക |

# അക്കാദമിക മാസ്റ്റർ പ്ലാൻ (HS English)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. വ്യാകരണശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കുക | അനുദിന ചര്യകൾ വീട്ടിലേയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ജൂൺ - ജൂലൈ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക | പാഠപുസ്തകത്തിലെ പാഠഭാഗങ്ങൾ adapt ചെയ്ത് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുക<br>eg: Role play, Conversation | ആഗസ്റ്റ് | ഇംഗ്ലീഷ് ടീച്ചർ | |
| ഭാഷയിൽ പ്രാവീണ്യം നേടുന്നതിനായ്, മികച്ച ഭാഷാശൈലി കൈവരിക്കുന്നതിന് | English grammar, Spoken English എന്നിവയിൽ പ്രാവീണ്യം നേടുന്നതിന് പ്രത്യേക ക്ലാസ്സുകൾ | സെപ്റ്റംബർ - ജനുവരി | ഇംഗ്ലീഷ് ടീച്ചർ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് | നിത്യഉപയോഗ വാചകങ്ങൾ പരിചിതമാക്കി സുഹൃത്തുക്കൾക്ക് കത്തെഴുതുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് ടീച്ചർ | |
| സാങ്കേതിക വിദ്യാസാധ്യതകൾ ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക. | ഇംഗ്ലീഷ് ഭാഷാപഠനത്തിന് സഹായിക്കുന്ന short films, cartoon എന്നിവയുടെ പ്രദർശനം. | നവംബർ, ഡിസംബർ | ഇംഗ്ലീഷ് ടീച്ചർ | |
| ഇംഗ്ലീഷിൽ സ്വതന്ത്ര വായന നടത്തുന്നതിന് കുട്ടികളെ സജ്ജരാക്കുക | വിദ്യാലയവിവരങ്ങൾ ഇംഗ്ലീഷിൽ അറിയിക്കുന്നതിനായി പൊതുവായി notice board തയ്യാറാക്കുന്നു | സെപ്റ്റംബർ - മാർച്ച് | ഇംഗ്ലീഷ് ടീച്ചർ ക്ലാസ്സ് ടീച്ചർ. | |

Scanned with OKEN Scanner

High school

സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല |
|---|---|---|---|
| കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | വീട്ടിലും വിദ്യാലയത്തിലും ജൈവ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്ന. | അക്കാദമിക വർഷം | ശാസ്ത്രക്ലബ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | ശാസ്ത്രക്ലബ് |
| അന്വേഷണം നടത്തുകയും വിവരങ്ങൾ വിശകലനം ചെയ്യുകയും ചെയ്യുക. | ക്ലാസ്സുകളിലെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ സ്കൂൾ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| ശാസ്ത്രാവബോധം വളർത്തുക. | നിത്യജീവിതത്തിൽ ശാസ്ത്രവുമായി ബന്ധപ്പെട്ട മേഖലകൾ കണ്ടെത്തി രേഖപ്പെടുത്തുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |

Scanned with OKEN Scanner

## H.S ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. വിഷയ ധാരണ കൈവരിക്കൽ | പീരിയഡ് നടത്തിപ്പിന്റെ ആസൂത്രണങ്ങൾ | ജൂൺ - ഫെബ്രുവരി | അധ്യാപകർ | |
| 2. നിർമ്മിതികളുടെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത | തുടർ പ്രവർത്തനം | അധ്യാപകർ | പി.ടി.എ |
| 3. ഗണിത വിഷയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ ഉരുവുകൾ ഇവ പരിചയപ്പെടുത്തൽ | ക്ലബ് പ്രവർത്തനം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ് | പി.ടി.എ |
| 4. സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ ഗണിത ക്ലബ് | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ക്രിയകളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒന്ന് | അധ്യാപകർ പി.ടി.എ | പി.ടി.എ |
| 6. ഗണിത ലാബ് | ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | ജൂൺ | ലാബ് ചാർജുള്ള അധ്യാപകർ | പി.ടി.എ |
| 7. അധ്യാപകർ കാലാനുസൃതമായി വേണ്ട ചെറിയ ക്ലാസ് മുറികളെ ആകർഷണീയമാക്കി കുട്ടികളിൽ താൽപര്യം വളർത്തുന്നു. | ചർച്ചകൾ, പാഠാസൂത്രണം [illegible] കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | തുടർ പ്രവർത്തനം | അധ്യാപകർ | |

Scanned with OKEN Scanner

# <u>ഉപസംഹാരം</u>

ഫാദർ അഗസ്റ്റീനോ വിച്ചിനീസ് സ്പെഷൽ സ്കൂളിന്റെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയിട്ടുള്ളതാണ്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ എഴുതിയിരിക്കുന്ന പ്രവർത്തനങ്ങൾ വഴി സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയും പൂർണസഹകരണം ലഭിക്കും എന്ന് വിശ്വസിക്കുന്നു.